**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4161** | **28-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ സംഭരണ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. എ. കെ. എം. അഷ്‌റഫ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നെൽകർഷകരിൽ നിന്നും സംഭരിക്കുന്ന നെല്ലിന്റെ വില നൽകാതെ സപ്ലൈകോ നൽകുന്ന പാഡി റസീറ്റ് ഷീറ്റിനെ ആധാരമാക്കി കർഷകരുടെ അക്കൗണ്ടിലേക്ക് ബാങ്കുകൾ തുക അനുവദിക്കുന്ന രീതി കർഷകരെ പ്രതിസന്ധിയിലാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | **പരിശോധിച്ചിട്ടുണ്ട്. സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി ഗോഡൗണുകളിൽ സൂക്ഷിക്കുകയും പൊതുവിതരണ വകുപ്പിന്റെ ആവശ്യകതപ്രകാരം റേഷൻകടകളിൽ നിന്നും ഉണഭോക്താക്കൾക്ക് വിതരണം ചെയ്യുതിന്റെ വിവരങ്ങൾ പ്രകാരമാണ് കേന്ദ്രത്തിലേയ്ക്കുള്ള ക്ലെയിം തയ്യാറാക്കി സമർപ്പിക്കുന്നത്. ഈ പ്രക്രിയയ്ക്ക് ഉണ്ടാവുന്ന 6-8 മാസത്തെ കാലതാമസം ഒഴിവാക്കുന്നതിനായി പി.ആർ.എസ് പദ്ധതി പ്രകാരം നെല്ലിന്റെ വില കർഷകരുടെ പേരിൽ ലോണായി നൽകുകയും പലിശ സഹിതം സമയബന്ധിതമായി തിരിച്ചടയ്ക്കുകയും ചെയ്യുന്ന രീതിയാണ് നിലവിലുള്ളത്. എന്നാൽ കർഷകരുടെ CIBIL സ്കോറിനെ ബാധിക്കാത്ത രീതിയിലാണ് പി.ആർ.എസ് വായ്പാ പദ്ധതി പ്രകാരം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് തുക നൽകുന്നത്. കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ സംസ്ഥാന സർക്കാരിന്റെ 'നോഡൽ ഏജൻസി'യായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗി ക്കുന്നത്. കേന്ദ്ര സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി നൽകുന്ന തിനായി ബാങ്കുകളുമായി കരാറിലേർ പ്പെട്ടുകയും പ്രസ്തുത ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ് (PRS – Paddy Receipt Sheet)വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കർഷകന് സമയബന്ധിതമായും പൂർണ്ണമായും സംഭരണവില നൽകുന്നതിനു വേണ്ടി മാത്രമാണ് പി.ആർ.എസ് വായ്പപദ്ധതി പ്രകാരം സപ്ലൈകോ കർഷകർക്ക് പണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്.** |

| | | | |
|---|---|---|---|
| | | | **2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പി ആർ എസ് പദ്ധതി നടപ്പിലാക്കുന്ന ഏതെങ്കിലും ബാങ്കുകളിൽ കർഷകർക്ക് തുകകൾ കിട്ടുന്നതിൽ പ്രതിസന്ധികൾ എന്തെങ്കിലും ഉണ്ടാകുന്ന പക്ഷം സമയബന്ധിതമായി ആയതിൽ ഇടപെട്ട് പരിഹരിക്കാറുള്ളതുമാണ്.** |
| (ബി) | നെല്ലുസംഭരണത്തിലെ വായ്പാകെണിയിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി സപ്ലൈകോ നേരിട്ട് പണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | **നെല്ല് സംഭരണം നടക്കുന്ന സമയത്തുതന്നെ കേന്ദ്ര സർക്കാരിൽ നിന്ന് തുക ലഭ്യമാകാത്ത സാഹചര്യമുള്ളതു കൊണ്ടാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനുവേണ്ടി സപ്ലൈകോ 'പി.ആർ.എസ് വായ്പാപദ്ധതി' മുഖാന്തിരം തുക നൽകുന്നത്.** |

സെക്ഷൻ ഓഫീസർ